പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

12.02.2020 ൽ മറുപടിക്ക്

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ : 2399

## സംസ്ഥാനത്ത് പുതിയ വ്യവസായ സംരംഭങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.കെ.എസ്.ശബരീനാഥൻ<br>ശ്രീ.വി.എസ്.ശിവകുമാർ<br>ശ്രീ. ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ. ഷാഫി പറമ്പിൽ : | | ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്തെ വ്യവസായ സൗഹൃദമാക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (എ) | തൊഴിലും, നിക്ഷേപവും വർധിപ്പിക്കുന്നതിനായി സംസ്ഥാനത്തെ വ്യവസായ സൗഹൃദമാക്കുന്നതിന്റെ ഭാഗമായി വ്യവസായം ആരംഭിക്കുന്നത് സുഗമമാക്കുന്നതിനു വേണ്ടി "2018 ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്ട്" പുറപ്പെടുവിക്കുകയും ആയതിന്റെ ഭാഗമായി പുതിയ വ്യവസായ സംരംഭകർക്ക് 15 വകുപ്പുകളിൽ/ഏജൻസികൾ നിന്നുമുള്ള അനുമതി കാലതാമസം ഇല്ലാതെ ഓൺലൈനായി ലഭ്യമാക്കുന്നതിനായി കെ-സ്വിഫ്റ്റ് 11.02.2019 മുതൽ നിലവിൽ വന്നിട്ടുണ്ട്. കോമൺ ആപ്ലിക്കേഷൻ ഫോറം, ഏകീകൃത പണമൊടുക്കൽ രീതി, സമയബന്ധിത ക്ലിയറൻസുകൾ, ഡിജിറ്റൽ അനുമതികൾ, ഏകജാലക ക്ലിയറൻസ് ലഭ്യമാക്കൽ എന്നിവയാണ് കെ-സ്വിഫ്റ്റിന്റെ പ്രധാനപ്പെട്ട സവിശേഷതകൾ.<br><br>സംസ്ഥാനത്ത് വ്യവസായം തുടങ്ങുന്നതിനുള്ള അനുമതി ലഭ്യമാക്കുന്നതിന് കേരള സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് ആന്റ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏര്യാ ഡെവലപ്മെന്റ് ആക്ട് 1999 ഭേദഗതി വരുത്തുകയും കൂടാതെ മലിനീകരണ നിയന്ത്രണബോർഡിന്റെ വ്യവസ്ഥകൾ പ്രകാരം ചുവപ്പ് കാറ്റഗറിയിൽ |

| | | | |
|---|---|---|---|
| | | | ഉൾപെടാത്തതും 10 കോടി രൂപ വരെ മൂലധന നിക്ഷേപമുള്ള എല്ലാ പദ്ധതികൾ/വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് വിവിധ ആക്ടുകൾ പ്രകാരം ലഭിക്കേണ്ടതായ ലൈസൻസുകളോ/ അപ്രൂവലുകളോ/ പെർമിറ്റുകളോ തുടങ്ങിയവയ്ക്ക് 3 വർഷത്തേയ്ക്ക് ഇളവുകൾ അനുവദിക്കാമെന്ന് വ്യവസ്ഥ ചെയ്യുന്ന 2019 -ലെ കേരള സൂക്ഷ്മ - ചെറുകിട- ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം പ്രാബല്യത്തിൽ വന്നിട്ടുണ്ട്.<br><br>വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള ലൈസൻസ് സമയ ബന്ധിതമായി അതായത് അപേക്ഷ നൽകി ഒരു മാസത്തിനകം ലഭിക്കുന്നതിലേക്കായി ജില്ലാ തലത്തിൽ ജില്ലാ കളക്ടർ ചെയർമാനും, ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ കൺവീനറുമായി ജില്ലാ ബോർഡുകളും, സംസ്ഥാന തലത്തിൽ ചീഫ് സെക്രട്ടറി ചെയർമാനും, കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ കൺവീനറുമായി സംസ്ഥാന ബോർഡും രൂപീകരിക്കപ്പെട്ടിട്ടുണ്ട്. 15 കോടി വരെയുള്ളവയുടെ ചുമതല ജില്ലാ ബോർഡിനും 15 കോടിയ്ക്ക് മുകളിൽ ഉള്ളവയുടെ ചുമതല സംസ്ഥാന ബോർഡിലും നിക്ഷിപ്തമാണ്. കൂടാതെ വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി വ്യവസായ വകുപ്പിന്റെ ഏജൻസികളുടെ പാർക്കുകളിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് പ്ലോട്ടുകൾ ഒരുക്കിയിട്ടുണ്ട്. വ്യവസായ നിക്ഷേപകർക്ക് വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള മൂലധനം സമാഹരിക്കുന്നതിനുള്ള നടപടികളും, ഭൂമിയുടെ രജിസ്ട്രേഷൻ ചെയ്യുമ്പോൾ സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിലും ഇളവ് അനുവദിക്കുക വഴി പുതിയ സംരംഭകരെ ആകർഷിക്കാൻ കഴിയും.<br><br>2020 ജനുവരി 9,10 തീയതികളിൽ കൊച്ചിയിൽ സംഘടിപ്പിച്ച അസെൻഡ് 2020 പരിപാടിയിലൂടെ കേരളത്തെ ഒരു മികച്ച വ്യവസായ സൗഹൃദ സംസ്ഥാനമാക്കി |

<table>
<tr><td></td><td></td><td></td><td>അവതരിപ്പിക്കുവാനും സംസ്ഥാനത്തേയ്ക്ക് പുതിയ നിക്ഷേപങ്ങൾ സാധ്യമാക്കുന്നതിനുള്ള അന്തരീക്ഷം സംജാതമായത് നിക്ഷേപ സമൂഹത്തിനെ ബോധ്യപ്പെടുത്താനും കഴിഞ്ഞിട്ടുണ്ട്.</td></tr>
<tr><td>(ബി)</td><td>വൻകിട വ്യവസായ മേഖലയിൽ ഏതെങ്കിലും പുതിയ വ്യവസായങ്ങൾ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ; വ്യക്തമാക്കുമോ;</td><td>(ബി)</td><td>ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 3 വൻകിട വ്യവസായ സംരംഭങ്ങൾ കെ.എസ്.ഐ.ഡി.സിയുടെ വായ്പാ സഹായം സ്വീകരിച്ചുകൊണ്ട് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.<br><table><tr><th>Institution</th><th>Investment (within crore)</th></tr><tr><td>Malabar Ispat Ltd.</td><td>34.25</td></tr><tr><td>Sunpower Cement Company Pvt Ltd (expansion)</td><td>24.68</td></tr><tr><td>Dr.K.M.Cherian Institute of Medical Sciences Pvt Ltd</td><td>216.50</td></tr></table><br>ഇതു കൂടാതെ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡിലേക്കുള്ള അനുമതി ലഭിച്ച താഴെ പറയുന്ന 5 വൻകിട സംരംഭങ്ങൾ ഈ സർക്കാർ നിലവിൽ വന്നതിനു ശേഷം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.<br><table><tr><td>1.</td><td>M/s. Lakeshore Hospital and Research Centre Ltd.</td><td>Rs. 363.50cr.</td></tr><tr><td>2.</td><td>M/s. Aquatic Proteins Pvt. Ltd., Thrissur</td><td>Rs.38 Cr.</td></tr><tr><td>3.</td><td>M/s. PTL Enterprises</td><td>Rs.250 cr.</td></tr><tr><td>4.</td><td>M/s. Kitex Ltd.</td><td>Rs.60cr</td></tr><tr><td>5.</td><td>M/s. Rajagiri Hospital</td><td>Rs.30 Cr.</td></tr></table></td></tr>
<tr><td>(സി)</td><td>എം.എസ്.എം.ഇ. മേഖലയിൽ സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; ഇതിലൂടെ എത്ര നിക്ഷേപം ഈ മേഖലയിൽ ഉണ്ടായി എന്ന് വ്യക്തമാക്കുമോ;</td><td>(സി)</td><td>ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം (01.06.2016 മുതൽ 31.12.2019 വരെ ) 53218 സൂക്ഷ്മ - ചെറുകിട - ഇടത്തരം വ്യവസായ യൂണിറ്റുകൾ ആരംഭിക്കുകയുണ്ടായി. ഇതിലൂടെ 4775.34 കോടി രൂപയുടെ നിക്ഷേപവും 185581 തൊഴിലും സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.</td></tr>
</table>

| | | | |
|---|---|---|---|
| (ഡി) | വ്യവസായ സൗഹൃദമാക്കുന്നതിനുള്ള നിയമം വന്നശേഷം കിൻഫ്ര വ്യവസായ സംരംഭകർക്ക് ഭൂമി അനുവദിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഭൂമിയിൽ ഇതിനകം എത്ര സംരംഭങ്ങൾ ആരംഭിച്ചു; അറിയിക്കുമോ; | (ഡി) | വ്യവസായ സൗഹൃദമാക്കുന്നതിനുള്ള നിയമം വന്നശേഷം കിൻഫ്രയുടെ വിവിധ വ്യവസായ പാർക്കുകളിലായി 273 വ്യവസായ സംരംഭകർക്ക് ഭൂമി അലോട്ട് ചെയ്തിട്ടുണ്ട്. ഇവയെല്ലാം തന്നെ വിവിധ ഘട്ടങ്ങളിൽ ആണ്. ഇതിൽ 151 വ്യവസായ സംരംഭങ്ങൾ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. |
| (ഇ) | സംസ്ഥാനത്ത് കൂടുതൽ സംരംഭകരെ ആകർഷിക്കുവാൻ കിൻഫ്ര ആവിഷ്കരിക്കുന്ന പുതിയ പദ്ധതികളുടെ വിശദാംശം നൽകുമോ? | (ഇ) | സംസ്ഥാനത്ത് കൂടുതൽ സംരംഭകരെ ആകർഷിക്കുവാൻ കിൻഫ്ര ആവിഷ്കരിക്കുന്ന പുതിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>*1. ലാന്റ് ബാങ്ക്* : സംസ്ഥാനത്ത് വ്യാവസായിക ഭൂമിയുടെ ലഭ്യത ഉറപ്പ് വരുത്തുന്നതിന് 4400 ഏക്കർ ഭൂമി ഏറ്റെടുക്കുന്ന നടപടികൾക്ക് കിൻഫ്ര തുടക്കം കുറിച്ചിട്ടുണ്ട്. കിഫ്ബി വഴിയാണ് ഇത്തരത്തിലുള്ള ഭൂമി ഏറ്റെടുക്കുന്ന നടപടികൾ കിൻഫ്ര ഉദ്ദേശിക്കുന്നത്.<br><br>*2. കൊച്ചി ബെംഗളൂരു വ്യവസായ ഇടനാഴി* - പ്രസ്തുത ഇടനാഴിയുടെ ഭാഗമായി പാലക്കാടിനെ ഒരു നോഡ് ആയി വികസിപ്പിക്കാൻ കിൻഫ്ര നടപടികൾ ആരംഭിച്ചു . വ്യവസായ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് പാലക്കാട് നോഡിനെ ഒരു സംയോജിത ഉല്പാദന ക്ലസ്റ്റർ ആയി വികസിപ്പിക്കാനാണ് പദ്ധതി വഴി ലക്ഷ്യമിടുന്നത്. പ്രസ്തുത പദ്ധതിക്കായി പാലക്കാട് ജില്ലയിൽ 1351 ഏക്കർ ഭൂമി കിഫ്ബി മുഖാന്തിരം ഏറ്റെടുക്കുന്നതിന് സംസ്ഥാന സർക്കാർ അനുമതി നല്കിയിട്ടുണ്ട്. കൂടാതെ താഴെ പറയുന്ന പദ്ധതികളും കിൻഫ്രയാണ് നടപ്പിലാക്കുന്നത് .<br>*3. പെട്രോകെമിക്കൽ പാർക്ക്, എറണാകുളം*<br>*4. ഇൻറർനാഷണൽ എക്സിബിഷൻ ആന്റ് കൺവെൻഷൻ സെന്റർ, എറണാകുളം*<br>*5. മെഗാ ഫുഡ് പാർക്ക്, പാലക്കാട്*<br>*6. ഡിഫെൻസ് പാർക്ക്, ഒറ്റപ്പാലം, പാലക്കാട്*<br>*7. ഇലക്ട്രോണിക്സ് മാനുഫാക്ചറിംഗ് ക്ലസ്റ്റർ, കാക്കനാട്, എറണാകുളം*<br>*8. കിൻഫ്ര വ്യവസായ പാർക്ക്, മട്ടന്നൂർ*<br>*9. ഇൻറർനാഷണൽ എക്സിബിഷൻ ആന്റ് കൺവെൻഷൻ സെന്റർ, മട്ടന്നൂർ* |

| | | | |
|---|---|---|---|
| | | | 10. ഇൻറഗ്രേറ്റഡ് റൈസ് ടെക്നോളജി പാർക്ക്, പാലക്കാട്, തൃശ്ശൂർ, ആലപ്പുഴ<br>11. കാർബൺ ന്യൂട്രൽ കോഫീ പാർക്ക്, വയനാട്<br>12. കൊരട്ടി പാർക്കിലെ ബഹുനില ഫാക്ടറി കെട്ടിട സമുച്ചയം<br>13. ബഹുനില ഫാക്ടറി കെട്ടിട സമുച്ചയം, കിൻഫ്ര പാർക്ക്, കാക്കഞ്ചേരി, മലപ്പുറം<br>14. രണ്ടാം ഘട്ട വികസനം, കിൻഫ്ര ഫിലിം ആൻറ് വീഡിയോ പാർക്ക്, കഴക്കൂട്ടം, തിരുവനന്തപുരം |

സെക്ഷൻ ഓഫീസർ